ഉത്തരം

(എ) റിട്ടയർ ചെയ്തവർക്ക് മാസാ മാസമുള്ള പെൻഷന് പുറമേ, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടു ചെയ്ത തുക, പ്രോവിഡന്റ് ഫണ്ട്, ക്ഷേമനിധി എന്നിവ ലഭിക്കും.

(ബി) മാസാ മാസമുള്ള പെൻഷൻ തുക ഉടൻ തന്നെ ലഭിക്കുന്നുണ്ട്. ബാക്കി ആനുകൂല്യങ്ങൾ ഏകദേശം മൂന്നു വർഷങ്ങൾക്കുള്ളിലാണ് ലഭിക്കുന്നത്.

(സി) 2001 ജൂലൈ മാസം വരെയുള്ളവരുടെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ആർ.ടി.ഒ.-മാരുടെ നിയമനം

125 [579] ശ്രീ. എം. എം. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആർ.ടി.ഒ.-മാരെ നേരിട്ട് നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദീകരിക്കുമോ?

(ബി) ആർ.ടി.ഒ.-മാരുടെ എത്ര ഒഴിവുകളിലേയ്ക്കാണ് ഇങ്ങനെ നേരിട്ട് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഈ നിയമനം നടത്തുന്നതിന്റെ അതോറിറ്റി ആരെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആർ.ടി.ഒ.-മാരെ നേരിട്ട് നിയമിക്കുന്നില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരും പുതിയ നിയമനവും

126 [580] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ടെന്നും, എത്ര ജീവനക്കാർ സസ്പെൻഷനിലായിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കെ.എസ്.ആർ.ടി.സി.-യിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടായിരുന്നെന്നും പുതുതായി എത്രപേരെ നിയമിച്ചെന്നും അറിയിക്കുമോ;

(സി) അഡ്വൈസ് മെമ്മോ നൽകിയിട്ടും നിശ്ചിത സമയ പരിധിയ്ക്ക് ശേഷവും നിയമനം ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ഏതൊക്കെ തസ്തികകളിലേയ്ക്കാണ് ഇവർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) ഇവർക്ക് എന്ന് നിയമനം നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 108 പേരെ പിരിച്ചുവിടുകയും 1,458 പേരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 27,316 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു. പുതിയതായി 2641 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) വർക്ക് അസിസ്റ്റന്റ് തസ്തികയിൽ 276 പേർക്ക് നിയമനം നൽകാനുണ്ട്. അതുപോലെ കോച്ച് ബിൽഡർ തസ്തികയിൽ മെമ്മോ ലഭിച്ചിട്ടുള്ള 192 പേർക്ക് നിയമനം നൽകിയിട്ടില്ല.

(ഇ) വർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മെമ്മോ ലഭിച്ചിട്ടുള്ള 276 പേർക്കും നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം ഒഴിവുകൾ ഇല്ലാത്തതുകൊണ്ട് കോച്ചു ബിൽഡർ തസ്തികയിൽ ആരെയും നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി.-യിൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള കാലതാമസം

127 [581] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞു പോകുന്ന ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട്, ക്ഷേമനിധി തുടങ്ങിയവയും നൽകുന്നതിൽ കാലവിളംബവും അനിശ്ചിതത്വവും ഒഴിവാക്കാനുള്ള പദ്ധതി ആലോചിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇവ നൽകുന്നതിനുള്ള പരമാവധി കാലാവധി നിർണ്ണയിക്കുമോ;

(സി) സർവ്വീസിലിരുന്നപ്പോൾ ജോലിയുടെ നിർവ്വഹണത്തിനിടയിൽ മനഃപൂർവ്വമല്ലാത്ത അപകടങ്ങളുടേയും മറ്റും പേരിൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ അവകാശങ്ങൾ തടഞ്ഞുവയ്ക്കുന്ന രീതി അവസാനിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly